**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6566** **11-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷിക്കനുയോജ്യമായ പാഴ്ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി വർദ്ധിക്കാൻ ഇടയായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കാർഷികേതര ആവശ്യങ്ങളായ ഭവന നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ്, ഭൂമിയുടെ തുണ്ടുവൽക്കരണം, ജലദൗർലഭ്യം, അടിക്കടി യുണ്ടാകുന്ന പ്രകൃതിക്ഷോഭം, കൃഷിപ്പണി അറിയാവുന്ന തൊഴിലാളികളുടെ ക്ഷാമം, ഉയർന്ന വേതന നിരക്ക് എന്നിവയാണ് സംസ്ഥാനത്ത് കൃഷിയ്ക്ക് അനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി വർദ്ധിക്കാൻ ഇടയാക്കിയത്. |
| (ബി) | കൃഷിഭൂമിയുടെ വിസ്തൃതിയിൽ 0.37 ശതമാനം കുറവ് വരാനിടയായ സാഹചര്യം വിശദമാക്കാമോ; | (ബി) | കാർഷികേതര ആവശ്യങ്ങളായ ഭവന നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ്, ഭൂമിയുടെ തുണ്ടുവൽക്കരണം, ജലദൗർലഭ്യം, അടിക്കടി യുണ്ടാകുന്ന പ്രകൃതിക്ഷോഭം, കൃഷിപ്പണി അറിയാവുന്ന തൊഴിലാളികളുടെ ക്ഷാമം, ഉയർന്ന വേതന നിരക്ക് എന്നിവയാണ് സംസ്ഥാനത്ത് കൃഷിയ്ക്ക് അനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി വർദ്ധിക്കാൻ ഇടയാക്കിയത്. |
| (സി) | കൃഷിക്കനുയോജ്യമായ പാഴ്ഭൂമി ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും സംസ്ഥാനം ഭക്ഷ്യവിള ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യം മുൻനിർത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ചും ഭക്ഷ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020-21 ൽ സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചു. തരിശുഭൂമി കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണിസൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ, എന്നീ പരിപാടികളിലൂടെയാണ് ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗ ങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്. 2020-21 സാമ്പത്തിക വർഷം 22847 ഹെക്ടർ തരിശ് ഭൂമിയിൽ കൃഷിയിറക്കുന്നതിന് സാധിച്ചു. 2021-22 സാമ്പത്തിക വർഷവും 25,000 ഹെക്ടർ തരിശ്ശ് ഭൂമി കൃഷി വ്യാപിപ്പിക്കുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ യന്ത്രവൽക്കരണം, കാർഷിക കർമ്മസേനയുടെ വിപുലീകരണം, ത്രികക്ഷി ഉടമ്പടി പ്രകാരം പാട്ടഭൂമി ലഭ്യമാക്കുന്നതിനുള്ള നിയമ നിർമ്മാണം സാധ്യമാക്കിയും, മികച്ച മാർക്കറ്റിംഗ് സംവിധാനത്തിനു വേണ്ടി ആഴ്ച ചന്തകളുടെ വ്യാപനം, ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരണം എന്നീ കർമ്മ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ